**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2867** **07-10-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട്ടിലെ ഭവന പുനരുദ്ധാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഗുണഭോക്താക്കളെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 267 ഗുണഭോക്താക്കളെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 5,17,16,500/- തുക അനുവദിച്ചിട്ടുണ്ട്. ഇതിൽ 228 ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇനി 39 വീടുകൾ പൂർത്തീകരിക്കുവാനുണ്ട്. കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 8 ഗുണഭോക്താക്കളെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 18,75,000/- തുക അനുവദിച്ചിട്ടുണ്ട്. ഇതിൽ 7 ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു ഗുണഭോക്താവും ഭാര്യയും മരണപ്പെട്ടു. അവകാശിയായ മകൻ സർക്കാർ ജീവനക്കാരനാണ്. തുടർന്ന് ധനസഹായം നൽകാൻ കഴിയില്ല. |
| (ബി) | ഇതിൽ എത്ര ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഇനി എത്ര വീടുകൾ പൂർത്തീകരിക്കുവാനുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പൂർത്തീകരിക്കുവാനുള്ള വീടുകൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (സി) | നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർഗഡുക്കൾ അനുവദിച്ച് നൽകുന്നതാണ്. |
| (ഡി) | മുഴുവൻ വീടുകളും വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | മുഴുവൻ വീടുകളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ